# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4515** **18.05.2017-ൽ മറുപടിക്ക്**

## 2016-17 കാലത്തെ ലോട്ടറി വകുപ്പിന്റെ ലാഭം

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 2016-17 കാലയളവിൽ ലോട്ടറി വകുപ്പിന്റെ ലാഭം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ; | (എ) | 2016-17 കാലയളവിൽ ലോട്ടറി വകുപ്പിന്റെ ലാഭം 1691.05 കോടി രൂപയാണ്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് ലോട്ടറി വകുപ്പിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ബി) | ലോട്ടറി വകുപ്പിന്റെ വർദ്ധിത വരുമാനത്തിനനുസൃതമായി അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>എ) വകുപ്പിൽ സെർവർ വിപുലീകരണം നടപ്പിലാക്കി.<br><br>ബി) 2008 മുതൽ വകുപ്പിൽ പ്രയോഗത്തിലിരുന്ന ലോട്ടറി ആപ്ലിക്കേഷൻ, കാലാനുസൃതമായ മാറ്റം ഉൾപ്പെടുത്തി NIC യെ കൊണ്ട് ഒരു പുതിയ സോഫ്റ്റ്-വെയർ നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ട്.<br><br>സി) 14 ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലും ബി.എസ്.എൻ.എൽ ഫൈബർ കണക്ടിവിറ്റി നൽകിയതിനാൽ നെറ്റ്‌വർക്ക് ഡാറ്റാസ്പീഡ് വർദ്ധിച്ചിട്ടുണ്ട്. ആയതിനാൽ ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലെ ട്രാൻസാക്ഷൻ നിരക്ക് നാല് മടങ്ങായി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.<br><br>ഡി) ഹെഡ് ക്വാർട്ടേഴ്സ് ഓഫീസിൽ ഫയൽ പ്രോസസ് ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഇ) ഏജൻറുമാർ തന്നെ ടിക്കറ്റ് വാങ്ങുന്നതിനുള്ള |

<table>
<tr>
<td></td>
<td></td>
<td></td>
<td>തുക ഓൺലൈനായി ട്രഷറിയിൽ ഒടുക്കുന്നതിനായി 'E-Treasury' സംവിധാനം നടപ്പിലാക്കി.<br><br>എഫ്) 18 പുതിയ സബ് ഓഫീസുകൾ സ്ഥാപിക്കുകയും ടി ഓഫീസുകൾക്ക് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്.<br><br>ജി) വകുപ്പിന്റെ കീഴിലുള്ള 36 ഓഫീസുകളിലും ആധാറുമായി ബന്ധപ്പെടുത്തി ബയോമെട്രിക്ക് പഞ്ചിങ്ങ് സംവിധാനം നടപ്പിലാക്കി വരുന്നു.</td>
</tr>
<tr>
<td>(സി)</td>
<td>നിലവിൽ ഏതെല്ലാം ലോട്ടറികൾ പ്രചാരത്തിലുണ്ട്; വിശദവിവരം നൽകുമോ; കൂടുതൽ ലോട്ടറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?</td>
<td>(സി)</td>
<td>നിലവിൽ 7 പ്രതിവാര ഭാഗ്യക്കുറികളും വർഷത്തിൽ 6 ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പുകളും (വിഷു ബമ്പർ, തിരുവോണം ബമ്പർ, പൂജ ബമ്പർ, ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ, മൺസൂൺ ബമ്പർ, സമ്മർ ബമ്പർ) നടത്തി വരുന്നു.<br>പ്രതിവാര ഭാഗ്യക്കുറികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ലോട്ടറിയുടെ പേര്</th><th>മുഖവില (രൂപ)</th></tr>
<tr><td>പൗർണമി</td><td>30/-</td></tr>
<tr><td>വിൻ വിൻ</td><td>30/-</td></tr>
<tr><td>സ്ത്രീ ശക്തി</td><td>50/-</td></tr>
<tr><td>അക്ഷയ</td><td>30/-</td></tr>
<tr><td>കാരുണ്യ പ്ലസ്</td><td>50/-</td></tr>
<tr><td>നിർമ്മൽ</td><td>50/-</td></tr>
<tr><td>കാരുണ്യ</td><td>50/-</td></tr>
</table>
2017 ജൂൺ 1 മുതൽ നറുക്കെടുക്കുന്ന എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 30/- രൂപ ആക്കി ഏകീകരിച്ചിട്ടുണ്ട്. നിലവിൽ കൂടുതൽ ലോട്ടറികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ.**